പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2541 — 11/10/2011 ൽ മറുപടിയ്ക്ക്

## റീസർവ്വെ പ്രവർത്തനത്തിലെ അപാകതകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മോയിൻകുട്ടി:<br>ശ്രീ. എൻ. ഷംസുദ്ദീൻ:<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ:<br>ശ്രീ. കെ. എൻ. എ. ഖാദർ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) റീസർവ്വെ പ്രവർത്തനത്തിലെ അപാകതകൾ പരിഹരിക്കാൻ ഏർപ്പെടുത്തിയ അദാലത്ത് സംവിധാനത്തിന്റെ വിശദ വിവരം നൽകാമോ; | (എ) 31/05/2010 ലെ സർക്കാർ ഉത്തരവ് (എം. എസ്സ്) നമ്പർ 200/2010/റവന്യൂ പ്രകാരം എല്ലാ അദാലത്ത് സംവിധാനങ്ങളും നിർത്തലാക്കി. പകരം റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള എല്ലാ വില്ലേജുകളിലു മുള്ള ഭൂമി സംബന്ധമായ എല്ലാ പരാതികളും എൽ.ആർ.എം.ൽപ്പെടുത്തി മേൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള ചുമതല റവന്യൂ വകുപ്പിൽ ഓരോ താലൂക്കിലും ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർക്ക് അധികാരം നൽകിക്കൊണ്ട് ഉത്തരവായി. അതനുസരിച്ച് ഇപ്പോൾ എല്ലാ താലൂക്കുകളിലും റീസർവ്വേ പൂർത്തിയായ വില്ലേജുകളുടെ ഭൂപരാതി പരിഹരിക്കുന്ന നടപടി നടന്നു വരുന്നു. |
| (ബി) നടപടിക്രമങ്ങളിലെ നൂലാമാലകൾ കാരണം അദാലത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ തീരുമാനമുണ്ടാക്കാൻ വളരെയധികം കാലതാമസമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ അതു പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദ വിവരം നൽകാമോ; | (സി) 31/05/2010 ലെ സർക്കാർ ഉത്തരവ് (എം. എസ്സ്) നമ്പർ 200/2010/റവന്യൂ പ്രകാരം എൽ.ആർ.എം. ജോലികൾ താലൂക്കാഫീസിലെ അഡീഷണൽ തഹസീൽദാരുടെ നിയന്ത്രണത്തിൽ |

കൊണ്ടു വന്നപ്പോൾ ഇതിലേയ്ക്കായി പ്രത്യേക സർവെയർമാർ, ഡ്രാഫ്റ്റ്സ്മാൻമാർ, ഹെഡ് ഡ്രാഫ്റ്റ്സ്മാൻമാർ എന്നിവരെ നിയോഗിക്കുകയും ഇവർക്ക് വില്ലേജ് തലത്തിൽ ചുമതല നൽകുകയും ചെയ്തു. മേൽ പറഞ്ഞ ജോലിയുടെ പുരോഗതി താലൂക്ക് തലത്തിൽ 15 ദിവസത്തിലൊരിക്കൽ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർ, ജില്ലാതലത്തിൽ ഡെപ്യൂട്ടി കളക്ടർ (എൽ. ആർ), സർവെ ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ പ്രതിമാസ അവലോകനവും നടത്തി വരുന്നു.

(ഡി) അദാലത്തിലെ തീരുമാനത്തിന്മേൽ പരാതിയുള്ള ഭൂഉടമകൾക്ക് അതു പരിഹരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) സർവെ അദാലത്ത് നടപടികൾ നിലവിലില്ല. എൽ.ആർ.എം. മുഖേനയാണ് പരാതികൾ പരിഹരിച്ചു വരുന്നത്. അതിന്മേലുള്ള പരാതികൾ ബന്ധപ്പെട്ട അപ്പീൽ അധികാരിയ്ക്ക് അപ്പീൽ നൽകുക വഴി പരിഹാരം കാണാവുന്നതാണ്.

(ഇ) റീസർവ്വേ പരാതി പരിഹാര അദാലത്തിൽ 2010 മാർച്ച് വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്ര അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(ഇ) 2010 മാർച്ച് വരെ ലഭിച്ച അപേക്ഷകൾ -- 1946514

2010 മാർച്ച് വരെ തീർപ്പാക്കിയ അപേക്ഷകൾ-- 1899074

സെക്ഷൻ ഓഫീസർ